" ഭരണഭാഷ - മാതൃഭാഷ"

നം. എച്ച്2/19500/2019/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 26/02/2021

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- എയ്ഡഡ് സ്കൂളുകളിൽ 2016- 17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അധ്യാപക - അനധ്യാപക ജീവനക്കാരുടെ നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) 06/ 02/2021ലെ സ.ഉ(പി)നം.4/2021/ പൊ.വി.വ
2) 25/02/2021 ലെ സർക്കാർ കത്ത് നമ്പർ ജെ2/87/2021/പൊ.വി.വ.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ അധ്യായം XXI, ചട്ടം 7 പ്രകാരവും 12/01/2010 ലെ സർക്കാർ ഉത്തരവ് (പി) നം. 10/10 പൊ.വി.വ പ്രകാരവും നിഷ്കർഷിച്ചിട്ടുള്ള സംരക്ഷിതാധ്യാപക നിയമന വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യത്തിൽ ഇവരുടെ നിയമനാംഗീകാരം നൽകുന്നതിനായി വ്യവസ്ഥകളിൽ ഇളവ് നൽകി കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ വിദ്യാഭ്യാസ ഓഫീസർമാർ ടി ഉത്തരവിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന കത്ത് പ്രകാരം സർക്കാർ ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും, മാനേജർമാർ നൽകേണ്ട സമ്മതപത്രത്തിന്റെ മാതൃക തയ്യാറാക്കി വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 2016-17 മുതൽ 2019-20 വരെ അധിക തസ്തികകളിൽ നിയമനം നൽകിയവർക്കെല്ലാം ഇതിനനുബന്ധമായി ചേർക്കുന്ന സത്യപ്രസ്താവന മാനേജർമാർ സമർപ്പിക്കുന്ന മുറയ്ക്ക് നിയമന തീയതി മുതൽ നോഷണലായി നിയമനാംഗീകാരം നൽകാവുന്നതാണ്. 6/2/2021 മുതലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാവുന്നതുമാണ്.

2) പുതുതായി തുടങ്ങിയതോ/ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ ഒരു ഒഴിവ് സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതു സംബന്ധിച്ച് സൂചന (1) ഉത്തരവിലെ ഖണ്ഡിക 4 ഉപഖണ്ഡിക 3(a)യിൽ പരാമർശിച്ച വിധത്തിൽ സംരക്ഷിതധ്യാപകനെ നിയമിക്കുകയോ/ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കണമെന്ന് സത്യപ്രസ്താവന നൽകുകയോ ചെയ്യേണ്ടതാണ്. അനുബന്ധമായി ചേർത്ത സത്യപ്രസ്താവന നൽകുന്ന മുറയ്ക്ക് അത്തരം വിദ്യാലയങ്ങളിലെ മറ്റ് നിയമനങ്ങൾക്ക് (HTV ഒഴികെ) അംഗീകാരം നൽകാവുന്നതാണ് .

3) ഹെഡ്ടീച്ചർ ഒഴിവുകളിൽ കെ.ഇ.ആർ അധ്യായം XXI, ചട്ടം 7(1)ലെ വ്യവസ്ഥയ്ക്ക് വിധേയമായി സംരക്ഷിതാധ്യാപകരെ മാത്രമേ നിയമിക്കാവു.

4) 2016-17 മുതൽ 2019 - 20 വരെ അവധി ഒഴിവുകളില് നിയമിക്കപ്പെട്ടവർക്ക് സൂചന (1) ലെ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ നോഷണലായി നിയമനാംഗീകാരം നൽകാവുന്നതാണ്. 06/02/ 2021 മുതലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാവുന്നതുമാണ് .

5) സംരക്ഷിതാധ്യാപക നിയമനവ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനെ തുടർന്ന് അംഗീകാരം ഇതിനകം നിരസിക്കപ്പെട്ട നിയമനങ്ങൾക്ക് വിവിധ തലങ്ങളിൽ സമർപ്പിക്കപ്പെട്ട അപ്പീലുകളിലെ/റിവിഷൻ അപ്പീലുകളിലെ ഉത്തരവ് കാത്തു നിൽക്കാതെ വിദ്യാഭ്യാസ ഓഫീസർമാർ 'സമന്വയ' മുഖേന തന്നെ ഫയലുകൾ റീ-ഓപ്പൺ ചെയ്ത് അംഗീകാരം നൽകേണ്ടതാണ് .

സി എ സന്തോഷ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ (I/C)

സ്വീകർത്താക്കൾ

1. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ പ്രധാനാധ്യാപകർക്കും } വിദ്യാഭ്യാസ ഓഫീസർമാർ മുഖേന
4. എല്ലാ സ്കൂൾ മാനേജർമാർക്കും }

പകർപ്പ്:-

എക്സിക്യൂട്ടീവ് ഡയറക്ടർ
കൈറ്റ്, പൂജപ്പുര

# സത്യപ്രസ്താവന

ഞാൻ മാനേജരായ ............................................................ സ്കൂളിൽ 2016-17 മുതൽ 2019-20 വരെ നടത്തിയ ......... എണ്ണം അധ്യാപക/അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിലേക്കായി 6/2/21-ലെ സ.ഉ.(പി)നം. 4/2021/പൊ.വി.വ, 26/02/2021-ലെ സർക്കുലർ നം.എച്ച്2/19500/2021/ഡി.ജി.ഇ എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റിവെച്ചിട്ടുണ്ടെന്ന്/ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ മാറ്റിവെക്കുന്നതാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.

കെ.ഇ.ആർ അധ്യായം XXI, ചട്ടം 7 (2) പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു: സുപ്രീം കോടതി, ബഹു: ഹൈക്കോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്നും ഇതിന്നാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം:

പേര്:

തീയതി:

മാനേജർ:

മേലൊപ്പ്:

ഡി.ഇ.ഒ / എ.ഇ.ഒ: